പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2014–2016)

## പതിമൂന്നാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1998-2000)-യുടെ പതിനാലാമത് റിപ്പോർട്ടിലെ (അട്ടപ്പാടി അഗളി ട്രൈബൽ ഹോസ്റ്റലിലെ അന്തേവാസിയായിരുന്ന പെൺകുട്ടി ഗർഭിണിയായി എന്ന പത്രവാർത്തയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
# (2014–2016)

**പതിമൂന്നാമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 15–ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1998–2000)–യുടെ പതിനാലാമത് റിപ്പോർട്ടിലെ (അട്ടപ്പാടി അഗളി ട്രൈബൽ ഹോസ്റ്റലിലെ അന്തേവാസിയായിരുന്ന പെൺകുട്ടി ഗർഭിണിയായി എന്ന പത്രവാർത്തയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച റിപ്പോർട്ട്]**

66/2015.

## ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 1 |
| അദ്ധ്യായം III | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 8 |

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി
## (2014–2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
„ കെ. അജിത്
„ ഐ. സി. ബാലകൃഷ്ണൻ
„ കോവൂർ കുഞ്ഞുമോൻ
„ പുരുഷൻ കടലുണ്ടി
„ സി. കെ. സദാശിവൻ
„ എൻ. ഷംസുദ്ദീൻ
„ വി. ശശി
„ വി. എം. ഉമ്മർ മാസ്റ്റർ
„ കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

## മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ 11-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പത്താം കേരള നിയമസഭയുടെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1998-2000), അട്ടപ്പാടി അഗളി ട്രൈബൽ ഹോസ്റ്റലിലെ അന്തേവാസിയായിരുന്ന പെൺകുട്ടി ഗർഭിണിയായി എന്ന പത്രവാർത്തയെ അടിസ്ഥാനമാക്കി തയ്യാറാക്കി 19-12-2000-ൽ സഭയിൽ സമർപ്പിച്ച അതിന്റെ പതിനാലാമത് റിപ്പോർട്ടിൽ 18 ഖണ്ഡികകളിലായി ആകെ 13 ശിപാർശകൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്.

പ്രസ്തുത ശിപാർശകൾ/നിർദ്ദേശങ്ങളിന്മേൽ അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 27-1-2001-ൽ സർക്കാരിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്ന് ലഭ്യമായ മറുപടികൾ 18-1-2008-ലെ സമിതിയോഗം പരിഗണിക്കുകയും 12-ാം ഖണ്ഡികയിലെ ശിപാർശക്കുള്ള ഗവൺമെന്റ് മറുപടി ഒഴികെയുള്ളവ സമിതി അംഗീകരിക്കുകയും 12-ാം ഖണ്ഡികയിലെ സർക്കാർ മറുപടിക്ക് അധികവിവരം ആരായുകയും ചെയ്തു.

സർക്കാരിൽനിന്നും ലഭിച്ച മറുപടികളിൽ സമിതി അംഗീകരിച്ച മറുപടികൾ ഈ റിപ്പോർട്ടിന്റെ 2-ാം അദ്ധ്യായത്തിലും സമിതി അധികവിവരങ്ങൾ ആരായുകയും തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം 3-ാം അദ്ധ്യായത്തിലും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ഖണ്ഡിക 2-4

അട്ടപ്പാടിയിലെ ആദിവാസി പെൺകുട്ടിയായ സിന്ധു ആനക്കൽ ഊരിലെ വെള്ളി-മല്ലിക ദമ്പതികളുടെ മൂത്തമകളാണ്. അഗളി ട്രൈബൽ ഹോസ്റ്റലിലെ അന്തേവാസിയും, അഗളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ 9-ാം ക്ലാസ്സ് വിദ്യാർത്ഥിനിയുമായിരുന്നു. ഹോസ്റ്റലിൽനിന്നും ചില സഹവിദ്യാർത്ഥിനികളോടൊപ്പം സിന്ധു അഗളിയിലെ സിനിമാ തിയേറ്ററിൽ സിനിമ കാണാൻ പോകുക പതിവായിരുന്നു. തൊട്ടടുത്ത ഹോട്ടലിന്റെ ഉടമ ഹരിയുമായി ഈ കുട്ടി അടുപ്പത്തിലാവുകയും തുടർന്ന് ഗർഭിണിയാവുകയും ചെയ്തു. ഗർഭിണിയായ സിന്ധു ഹോസ്റ്റലിൽ 7 മാസം വരെ താമസിച്ചിരുന്നു. 10-ാം ക്ലാസ്സ് പരീക്ഷ കഴിഞ്ഞ് വീട്ടിലെത്തിയ സമയത്താണ് മകൾ ഗർഭിണിയാണെന്ന വിവരം അമ്മ മല്ലിക മനസ്സിലാക്കിയത്. അതിനുത്തരവാദിയായ ഹരിയെ സമീപിച്ചപ്പോൾ ആദ്യം ഹരി അത് നിഷേധിക്കുകയും പിന്നീട് സമ്മതിക്കുകയുമുണ്ടായി എന്നും ശ്രീമതി മല്ലിക

സമിതിയെ ബോദ്ധ്യപ്പെടുത്തി. തനിക്ക് വേറെ കല്യാണം നിശ്ചയിച്ചിരിക്കുന്നതിനാൽ കേസ്സോ മറ്റു പ്രശ്നങ്ങളോ ഉണ്ടാക്കാതിരിക്കുന്നതിന് 30,000 രൂപ നൽകാമെന്ന് ഹരി വാഗ്ദാനം ചെയ്തതായും പ്രശ്നം ഒത്തുതീർപ്പാക്കാൻ അഗളിയിലെ പ്രമുഖരായ ചില സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകരും കൂട്ടുചേർന്നതായും ശ്രീമതി മല്ലിക സമിതിയെ അറിയിച്ചു.

ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന സമയംമുതൽ ഹോട്ടലുടമയായ ഹരിയുമായി അടുപ്പത്തിലായിരുന്നതായും പലപ്പോഴും കൂട്ടുകാരുമായി അയാളുടെ ഹോട്ടലിൽനിന്ന് സൗജന്യമായി ഭക്ഷണം കഴിക്കാറുണ്ടായിരിന്നുവെന്നും വിവാഹം കഴിക്കാമെന്ന ഉറപ്പിലായിരുന്നു ഹരിയുമായി ബന്ധപ്പെട്ടതെന്നും സിന്ധു സമിതിയെ അറിയിച്ചു. ഗർഭം അലസിപ്പിക്കാനുള്ള ശ്രമവും ഹരി നടത്തിയതായും സിന്ധു അറിയിച്ചു. സമിതിയുടെ തെളിവെടുപ്പ് സമയത്ത് സിന്ധു 1 മാസവും 1 ആഴ്ചയും പ്രായമുള്ള ആൺകുട്ടിയുടെ അമ്മയായിക്കഴിഞ്ഞിരുന്നു.

സിന്ധുവിന്റെ അച്ഛൻ വെള്ളി 16 വർഷത്തോളം പാലൂർ ട്രൈബൽ ഹോസ്റ്റലിൽ കുക്കായി ജോലിനോക്കി വരികയായിരുന്നുവെങ്കിലും സിന്ധു പ്രസവിക്കുന്നതിന് ഏതാണ്ട് 1 വർഷംമുമ്പ് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടതായും സിന്ധുവിന്റെ അമ്മ മല്ലിക അഗളിയിലെ ഒരു അംഗൻവാടി സെന്ററിൽ ഹെൽപ്പറായി ജോലി ചെയ്തുവരികയാണെന്നും സമിതി മനസ്സിലാക്കി. സിന്ധുവിന്റെ അച്ഛന്റെ മരണശേഷം കുടുംബം വളരെ ദയനീയമായ അവസ്ഥയിലാണെന്നും തനിക്ക് ലഭിക്കുന്ന തുച്ഛമായ വരുമാനമാണ് ഏക ആശ്രയമെന്നും സിന്ധുവിന്റെ പ്രസവസംബന്ധമായ ചെലവുകൾക്കായി ബ്ലോക്കിൽനിന്ന് ലഭിച്ച 1,000 രൂപ മാത്രമാണ് ഇതേവരെ കിട്ടിയ ധനസഹായം എന്നും മല്ലിക അറിയിച്ചു.

### സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

ലൈംഗികപീഡനത്തിനിരയായ സിന്ധുവിന്റെ കുഞ്ഞിന്റെ പിതാവ് അഗളിയിലെ ഹോട്ടലുടമയായിരുന്ന ഹരിയാണെന്ന് സിന്ധു പറഞ്ഞിരുന്നുവെങ്കിലും പിതൃത്വനിർണ്ണയത്തിനായുള്ള ഡി.എൻ.എ. ടെസ്റ്റിൽ കുഞ്ഞിന്റെ പിതാവ് ഹരിയല്ലെന്ന് തെളിഞ്ഞിട്ടുണ്ട്.

സിന്ധുവിന്റെ കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് നടത്തിയത് സംബന്ധിച്ച റിസൽറ്റിൽ സിന്ധുവിനെ പീഡിപ്പിച്ച് ഗർഭിണിയാക്കിയെന്ന് ആരോപിക്കപ്പെട്ട ശ്രീ. ഹരി, അഗളി പി.ഒ., അഗളി എന്നയാൾ സിന്ധുവിന്റെ കുട്ടിയുടെ അച്ഛനല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

### ഖണ്ഡിക 5

സിന്ധുവിന്റെ കുടുംബത്തിന്റെ ഇന്നത്തെ ദയനീയ അവസ്ഥ പരിഗണിച്ച് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും അവിവാഹിതകളായ ആദിവാസി അമ്മമാർക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ധനസഹായമായ 25,000 രൂപ എത്രയുംവേഗം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

ശ്രീമതി സിന്ധുവിന് സമാശ്വാസ ധനസഹായമായ 25,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കേസ്സിന്റെ തീർപ്പിന്റെയടിസ്ഥാനത്തിൽ മാത്രമെ ഇത്തരം കേസ്സുകളിൽ ആകെ അനുവദിക്കാവുന്ന 50,000 രൂപയിൽ ശേഷിക്കുന്ന തുക നൽകുവാൻ സാധിക്കുകയുള്ളു.

ഖണ്ഡിക 6, 7

സിന്ധുവിന്റെ അച്ഛന്റെ മരണാനന്തര സർവ്വീസ് ആനുകൂല്യങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല എന്നും അതിനുകാരണം അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുമൂലമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, പ്രസ്തുത സർട്ടിഫിക്കറ്റ് എത്രയുംവേഗം ലഭ്യമാക്കാനും സർവ്വീസ് ആനുകൂല്യങ്ങൾ അനന്തരാവകാശികൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ ഉടമസ്ഥതയിലുള്ള ട്രൈബൽ ഗേൾസ് ഹോസ്റ്റലിൽ സർക്കാർ സംരക്ഷണയിൽ കഴിഞ്ഞിരുന്ന അവസരത്തിൽ അധികാരികളുടെ അനാസ്ഥ കാരണവും ഹോസ്റ്റലിലെ സംവിധാനത്തിലെ കുത്തഴിഞ്ഞ നടപടിക്രമങ്ങളുടെയും ഫലമായി പുറത്തുള്ള ആളുമായി ബന്ധപ്പെടുകയും അങ്ങനെ ഗർഭിണിയാകുകയും ചെയ്തു എന്നത് പരിഗണിച്ച് സർക്കാരിന്റെ പ്രത്യേക ഉത്തരവുവഴി സിന്ധുവിന് അർഹതയ്ക്കനുസരിച്ച് ഒരു ജോലി സ്ഥിരമായി എത്രയുംവേഗം നൽകാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

ശ്രീമതി സിന്ധുവിന്റെ അച്ഛൻ ശ്രീ. വെള്ളി, അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ടാഫീസറുടെ കീഴിൽ ജോലിചെയ്തിരുന്നു.

സിന്ധുവിന്റെ അച്ഛൻ ശ്രീ. വെള്ളി സർവ്വീസിലിരിക്കെയാണ് മരണപ്പെട്ടിട്ടുള്ളത്. ആശ്രിതനിയമനംവഴി [സർക്കാർ ഉത്തരവ് (കൈ.) നമ്പർ 74/2004/ പജ.പവ.വിവ. വകുപ്പ് തീയതി 28-10-2004 പ്രകാരം] സിന്ധുവിന്റെ അമ്മ മല്ലികയ്ക്ക് കുക്ക്/പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ പട്ടികവർഗ്ഗ വികസനവകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

ഖണ്ഡിക 8

തെളിവെടുപ്പിനും മറ്റുമായി സിന്ധുവിനെയും അമ്മയെയും അധികാരികൾ വിളിച്ചുവരുത്തുമ്പോൾ അവർക്ക് യാത്രാപ്പടി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുവാൻ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

തെളിവെടുപ്പിനും മറ്റും ഹാജരാവുമ്പോൾ യാത്രാപ്പടി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

<u>ഖണ്ഡിക 9</u>

ഹോസ്റ്റൽ ജീവനക്കാർ കുട്ടികളുടെ കാര്യത്തിൽ തീരെ ശ്രദ്ധിക്കുന്നില്ലെന്ന അഭിപ്രായമാണ് സമിതിക്കുള്ളത്. പല കാര്യങ്ങളിലും സമിതിയുടെ മുമ്പാകെ ജീവനക്കാർ അപൂർണ്ണവും അവ്യക്തവുമായ മൊഴി നൽകിയതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. സിന്ധുവിനുണ്ടായ അനുഭവത്തിൽ ഹോസ്റ്റലിലെ ജീവനക്കാർക്കും പങ്കുണ്ടോ എന്നു സമിതി സംശയിക്കുന്നു. കുറ്റക്കാരായവരെ കണ്ടെത്തി കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

അഗളി ട്രൈബൽ ഹോസ്റ്റലിലെ അന്തേവാസി ആയിരുന്ന കുമാരി എം. വി. സിന്ധു ടി ഹോസ്റ്റലിൽ താമസിച്ചുവരവേ ഗർഭിണിയാകുകയും പിന്നീട് പ്രസവിക്കുകയും ചെയ്ത സംഭവത്തിന്മേൽ പാലക്കാട് ജില്ലാ കളക്ടർ അന്വേഷണം നടത്തി നൽകിയ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 10-7-2000-ലെ ഉത്തരവ് പ്രകാരം ടി സംഭവം നടന്ന കാലയളവിൽ അഗളി ട്രൈബൽ ഹോസ്റ്റലിലെ ഒരു വാച്ച്വുമൺ, 3 കുക്കുമാർ, ഒരു പാർട്ട്-ടൈം സ്വീപ്പർ എന്നിവരെ സസ്പെന്റ് ചെയ്തിരുന്നു. തുടർന്നുള്ള അന്വേഷണത്തിൽ കുമാരി സിന്ധുവിന് സംഭവിച്ച സംഗതികൾ തക്കസമയത്ത് കണ്ടെത്തുന്നതിൽ പ്രസ്തുത ഹോസ്റ്റൽ ജീവനക്കാരുടെ മേൽനോട്ടത്തിലുണ്ടായ അപാകതമൂലമാണെന്ന് വ്യക്തമായും തെളിഞ്ഞിരുന്നതിനാൽ ട്രൈബൽ ഹോസ്റ്റൽ വാച്ച്വുമൺ ശ്രീമതി ത്രേസ്യാമ്മ, കുക്കുമാരായ ശ്രീമതി ഫ്ളോറ അഞ്ജലി, ശ്രീമതി സരസ്വതി, ശ്രീമതി കെ. പങ്കജാക്ഷി എന്നിവരുടെ 2 വാർഷിക ഇൻക്രിമെന്റുകൾ 3 വർഷത്തേക്ക് സഞ്ചിതഫലത്തോടെ തടഞ്ഞുകൊണ്ടുള്ള ശിക്ഷയും പി.റ്റി.എസ്. ശ്രീമതി ത്രേസ്യാമ്മ ജോർജ്ജിന് താക്കീത് നൽകിക്കൊണ്ട് 5-6-2002-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

<u>ഖണ്ഡിക 10</u>

ഹോസ്റ്റലിൽ ഒരു സ്ഥിരം വാർഡനെ നിയമിക്കുവാനും അവർ പഠിക്കുന്ന സ്കൂളിലെ അദ്ധ്യാപകരുമായി നിരന്തരം ബന്ധപ്പെട്ട് കുട്ടികളുടെ പഠനം, സുരക്ഷ, മറ്റു കാര്യങ്ങൾ എന്നിവയിൽ കൂട്ടായ്മയോടെ ശ്രദ്ധചെലുത്താനും ഇത്തരത്തിലുള്ള സംഭവങ്ങൾ ഇനി ഒരിക്കലും ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

കുമാരി സുജാ ശശിധരനെ അട്ടപ്പാടിയിലെ പ്രീ മെട്രിക് ഹോസ്റ്റലിൽ (ഗേൾസ്) വനിതാ വാർഡനായി പട്ടികവർഗ്ഗ വികസന ഡയറക്ടറുടെ 17-9-2004-ലെ ഇ6-12460/04(1) നമ്പർ ഉത്തരവിൻപ്രകാരം നിയമിച്ചിട്ടുണ്ട്.

ഖണ്ഡിക 11

ഹോസ്റ്റലിൽനിന്ന് കുട്ടികളെ പുറത്തുകൊണ്ടു പോകുമ്പോഴും തിരികെ വരുമ്പോഴും കൃത്യമായി റിക്കാർഡ് സൂക്ഷിക്കാനും പുറത്തുനിന്നുള്ള സന്ദർശകരെ ഹോസ്റ്റലിലെ അന്തേവാസികളെ കാണാൻ അനുവദിക്കുന്നതിൽ കൃത്യമായ സമയനിഷ്ഠ പാലിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

ഹോസ്റ്റലിലേക്കുള്ള സന്ദർശകരുടെ പ്രവേശനകാര്യത്തിൽ കർശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക 13, 14

മാസത്തിൽ രണ്ടുതവണ ട്രൈബൽ ഹോസ്റ്റലുകൾ സന്ദർശിച്ച് ആദിവാസി കുട്ടികളുടെ ക്ഷേമം അന്വേഷിക്കുകയും സംരക്ഷണം ഉറപ്പാക്കുകയും ചെയ്യേണ്ട ചുമതലയുള്ള ഉദ്യോഗസ്ഥർ അപ്രകാരം തങ്ങളുടെ ചുമതല നിർവ്വഹിച്ചതായി കാണുന്നില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഐ.ടി.ഡി.പി. ഓഫീസിലെ ഉദ്യോഗസ്ഥർ കൂടുതൽ ശുഷ്കാന്തിയോടെ ആദിവാസി ക്ഷേമത്തിനായി പ്രവർത്തിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സിന്ധുവിന്റെ കൂട്ടുകാരികളുടെ സ്റ്റേറ്റ്മെന്റുകൂടി വനിതാ പോലീസിന്റെ സഹായത്തോടെ റിക്കാർഡ് ചെയ്യുകയും സവർണ്ണ ജാതിക്കാരനായ പ്രതിക്ക്, അർഹമായ പരമാവധി ശിക്ഷ ലഭിക്കാൻ തക്കവണ്ണം നടപടികൾ കാലതാമസം കൂടാതെ പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 6000/എസ്.സി2/2001/ആഭ്യ.)

സിന്ധു എന്ന ആദിവാസി പെൺകുട്ടി പീഡിപ്പിക്കപ്പെട്ടതു സംബന്ധിച്ച് അഗളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 77/2000 എന്ന കേസ്സിൽ പട്ടികജാതി പട്ടികവർഗ്ഗം അതിക്രമം തടയൽ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പ് ഉൾപ്പെടുത്തിയിട്ടുണ്ട്. കേസ്സിന്റെ അന്വേഷണവേളയിൽ 17-7-2000-ൽ നിയമത്തിലെ സെക്ഷൻ 3(1) (XII) ഉൾപ്പെടുത്തിയിട്ടുള്ളതും കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും സെക്ഷൻ 376 ഐ.പി.സി. പ്രകാരവും സെക്ഷൻ 3(1) (XII), 3(2) (5) എസ്.സി./എസ്.റ്റി. പി.എ. ആക്ട് 1989 പ്രകാരവും ആണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

കേസ്സിന്റെ അന്വേഷണവേളയിൽ സിന്ധു താമസിച്ചിരുന്ന ഹോസ്റ്റലിലെ മറ്റ് അന്തേവാസികളായ റീന, സൗദാമിനി, വിമല എന്നിവരെ ചോദ്യംചെയ്ത് മൊഴികൾ രേഖപ്പെടുത്തിയിട്ടുള്ളതായും അറിയിക്കുന്നു.

നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ കേസ്സിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും ഹോസ്റ്റലിലെ അന്തേവാസികളിൽ ചിലരെ ചോദ്യംചെയ്തു മൊഴി രേഖപ്പെടുത്തിയിട്ടുള്ളതിനാലും ഇക്കാര്യത്തിൽ മറ്റു നടപടികൾ ആവശ്യമില്ലായെന്ന് ജില്ലാ പോലീസ് സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന വിവരവും അറിയിച്ചുകൊള്ളുന്നു.

ഖണ്ഡിക 16

ഒരു പെൺകുട്ടി ലൈംഗികമായി പീഡിപ്പിക്കപ്പെടുകയും പ്രസവിക്കുകയും ചെയ്ത സംഭവം സത്യസന്ധമായി പുറത്തുവന്ന സാഹചര്യത്തിൽ പ്രതിക്ക് അർഹമായ ശിക്ഷയും ആദിവാസികൾക്ക് മതിയായ സംരക്ഷണവും കിട്ടണമെന്ന കാര്യത്തിൽ സമിതിക്ക് നിർബന്ധമുണ്ട്. എന്നാൽ, അട്ടപ്പാടിയിലെ ആദിവാസി സ്ത്രീകൾ മുഴുവനും ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നുവെന്ന രീതിയിൽ വാർത്തകൾ പ്രചരിപ്പിക്കുന്നത് ആദിവാസികൾക്ക് മാത്രമല്ല അട്ടപ്പാടിയിലെ മറ്റ് സ്ത്രീജനങ്ങൾക്കും അവഹേളനമുണ്ടാക്കുന്ന സംഗതിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അട്ടപ്പാടിയിലെ ആദിവാസികൾക്കിടയിൽ ശരിയായ ബോധവൽക്കരണം നടത്തുന്നതിനും സാമൂഹ്യവിരുദ്ധ-ദ്രോഹശക്തികളിൽനിന്ന് അവർക്ക് സംരക്ഷണം നൽകുന്നതിനും രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകരുടെയും പൊതുജനങ്ങളുടെയും കൂട്ടായ പ്രവർത്തനവും, ആദിവാസി സംരക്ഷണം ഉറപ്പാക്കേണ്ട ഉദ്യോഗസ്ഥരുടെ ആത്മാർത്ഥമായ സേവനവും ഒരുപോലെയുണ്ടാകണം. എങ്കിൽ മാത്രമേ അട്ടപ്പാടിയിലെന്നല്ല കേരളത്തിൽ മറ്റൊരിടത്തും ഇത്തരം പീഡനങ്ങൾ ആവർത്തിക്കാതിരിക്കൂ എന്ന് സമിതി ഉറച്ച് വിശ്വസിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനാവുംവിധം പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾക്കെതിരെയുള്ള നിയമത്തിലെ വ്യവസ്ഥകളും പൗരാവകാശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും അവയുടെ മേൽനോട്ടത്തിനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേസ്സുകൾ യഥാസമയം രജിസ്റ്റർ ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനുള്ള സംവിധാനങ്ങളും ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾക്കെതിരെയുള്ള നിയമത്തിലെ വ്യവസ്ഥകളും പൗരാവകാശ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾ കേന്ദ്രീകരിച്ച് പോലീസിന്റെ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പ്രവർത്തിക്കുന്നു. പ്രസ്തുത നിയമത്തെക്കുറിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയും ഇതര വിഭാഗത്തിൽപ്പെട്ടവരെയും പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ ബോധവൽക്കരണ സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു.

വിവിധ ദളിത് സംഘടനകളുടെയും പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെയും സമയോചിതമായ ഇടപെടൽകാരണം ഇത്തരം സംഭവം ഉണ്ടായാൽ നിലവിലുള്ള ശക്തമായ സംവിധാനങ്ങൾ ഉപയോഗിച്ച് നിയമനടപടികൾ സ്വീകരിക്കുന്ന താണ്. ഇത്തരം സംഭവങ്ങൾ തടയാനാവുംവിധം അതിക്രമങ്ങൾക്കെതിരെയുള്ള നിയമവ്യവസ്ഥകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും അവയുടെ മേൽനോട്ടത്തിനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം സംഭവങ്ങൾ തടയാനാവുംവിധം കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു സംസ്ഥാനതല അവലോകന സമിതിയും രൂപീകരിച്ചിട്ടുണ്ട്.

പട്ടികജാതിക്കാരോടുള്ള അതിക്രമവും കയ്യേറ്റങ്ങളും തടയുന്നതിനും അത്തരം കയ്യേറ്റങ്ങൾ നടത്തിയവർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്ന തിനോടൊപ്പംതന്നെ അതിക്രമങ്ങളും കയ്യേറ്റങ്ങളുംമൂലം ദുരിതം അനുഭവിക്കേണ്ടി വരുന്നവരുടെയും ആശ്രിതരുടെയും പുനരധിവാസത്തിനും ആശ്വാസത്തിനുമുള്ള പദ്ധതികൾ ഈ നിയമം അനുസരിച്ച് നടത്തിവരുന്നു. അതിക്രമത്തിനിരയാകുന്നവർ മരണപ്പെടുകയോ ചികിത്സ ആവശ്യമായി വരുകയോ അല്ലെങ്കിൽ സ്വത്തിന് നാശനഷ്ടം ഉണ്ടാവുകയോ ചെയ്താൽ നാശനഷ്ടത്തിന്റെ തോതനുസരിച്ചും അർഹതാ മാനദണ്ഡങ്ങൾ അനുസരിച്ചും സാമ്പത്തികസഹായവും നൽകിവരുന്നു.

ഖണ്ഡിക 17

അട്ടപ്പാടിയിലെ ആദിവാസി കുട്ടികൾ ഉൾപ്പെടെ 1100-ഓളം കുട്ടികൾ പഠിക്കുന്ന അഗളി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ മതിയായ അദ്ധ്യാപകരില്ല. പ്രസ്തുത സ്കൂളിൽ മാത്രമല്ല ആദിവാസി മേഖലയിലെ എല്ലാ സ്കൂളുകളിലും മതിയായ അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

അഗളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തിക്കഴിഞ്ഞിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 45760/എസ്.സി.3/2007/പൊ.വിവ.)

പട്ടികവർഗ്ഗ മേഖലയിൽ വി.എച്ച്.എസ്. വിഭാഗത്തിൽ അഗളി വി.എച്ച്.എസ്. എസും പുത്തൂർ ഗവൺമെന്റ് വി.എച്ച്.എസ്.എസും ആണുള്ളത്. ഈ സ്കൂളു കളിൽ പി.എസ്.സി.വഴി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. സ്ഥിരം അദ്ധ്യാപകരെ നിയമിക്കാത്ത വിഷയങ്ങൾക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി

അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്. ട്രാൻസ്ഫർ വാങ്ങിപ്പോകുന്ന അദ്ധ്യാപകർ പഠിപ്പിക്കുന്ന വിഷയത്തിന് മറ്റൊരദ്ധ്യാപകനെ ലഭിച്ചില്ലായെങ്കിൽ പ്രസ്തുത വിഷയം പഠിപ്പിച്ചു തീർക്കേണ്ട ചുമതല ട്രാൻസ്ഫർ വാങ്ങിപ്പോകുന്ന അദ്ധ്യാപകന് തന്നെയായിരിക്കണം എന്ന നിബന്ധനയുടെ അടിസ്ഥാനത്തിലാണ് ട്രാൻസ്ഫർ നൽകുന്നത്.

ഖണ്ഡിക 18

അട്ടപ്പാടി പോലുള്ള ആദിവാസി മേഖലകളിലെ സ്കൂളുകളിൽനിന്നും ട്രാൻസ്ഫർ വാങ്ങി അദ്ധ്യാപകർ മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നതിന്റെ ഫലമായി ഈ പ്രദേശങ്ങളിലെ സ്കൂളുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഒരു നിശ്ചിത കാലയളവിലേക്കെങ്കിലും അദ്ധ്യാപകർ ഈ പ്രദേശങ്ങളിൽ സേവനം അനുഷ്ഠിക്കേണ്ടതാണെന്നും അപ്രകാരം സേവനം അനുഷ്ഠിക്കുന്നവർക്ക് പ്രത്യേക അലവൻസ് നൽകണമെന്നും, അതിനുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

(ഗവ. റഫ. നമ്പർ 21435/എഫ്3/2001/പജ.പവ.വിവ.)

മലയോരമേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക അലവൻസ് (ഹിൽട്രാക്ക് അലവൻസ്) ഇപ്പോൾ നിശ്ചയിച്ചിട്ടുണ്ട്.

## അദ്ധ്യായം III

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തരനടപടികൾ ആവശ്യമുള്ളവയും

(ബ്രാക്കറ്റിൽ പരാമർശിച്ചിട്ടുള്ള ഖണ്ഡിക മൂലറിപ്പോർട്ടിലെ ഖണ്ഡികയാണ്)

ഖണ്ഡിക 12

ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികൾ നടത്താനും ചില്ലുകൾ മാറ്റി പകരം തടിപ്പലകകൊണ്ട് ജനൽ തീർക്കണമെന്നും പ്രോജക്ടാഫീസറുടെ അധികാരപരിധിയിൽ വരുന്ന തുകയ്ക്കുള്ള റിപ്പയറുകൾ അടിയന്തരമായി ചെയ്തുതീർക്കണമെന്നും ബാക്കി വലിയ തുകയ്ക്ക് അടങ്കൽ തയ്യാറാക്കുന്നതിലൂടെ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ അടങ്കൽ പലതായി തയ്യാറാക്കി കെട്ടിടത്തിന്റെ റിപ്പയർ വർക്ക്, ജനാലയുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരം, ഉപയോഗശൂന്യമായ ഫർണിച്ചർ നീക്കം ചെയ്യാനും റിപ്പയർ ചെയ്യാവുന്നവ റിപ്പയർ ചെയ്ത് എത്രയുംവേഗം ഉപയോഗയോഗ്യമാക്കാനും ഉള്ള നടപടികൾ എത്രയുംപെട്ടെന്ന് സ്വീകരിക്കണമെന്നും ഹോസ്റ്റലിലെ സ്റ്റോർ, ട്യൂഷൻ റൂം എന്നിവ ഒഴികെ എല്ലാ മുറികളും താമസയോഗ്യമാക്കി കുട്ടികളെ താമസിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

(ഗവ. റഫ. നമ്പർ 106/ബി2/2003/പജ.പവ.വിവ.)

അട്ടപ്പാടി ഐ.ടി.ഡി. പ്രോജക്ട് ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന അഗളി പ്രീ മെട്രിക് ഗേൾസ് ഹോസ്റ്റലിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള കെട്ടിടത്തിന് മുകളിലായി 5,00,000 രൂപ വിനിയോഗിച്ച് പുതിയ ഒരു ഹാൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ, 2,10,000 രൂപ വിനിയോഗിച്ച് ഹോസ്റ്റലിൽ ഒരു ടോയ്ലെറ്റ് ബ്ലോക്കും നിർമ്മിച്ചിട്ടുണ്ട്. ഹോസ്റ്റലിന്റെയും ചുറ്റുമതിലിന്റെയും റിപ്പയർ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റലിലേക്ക് ആവശ്യമായ പുതിയ ഫർണിച്ചറുകളും പാത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധിക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതേ ഹോസ്റ്റലിന് പുതിയ കെട്ടിടം പണിയുന്നതിനായി 44,22,800 രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതാണെന്നും അറിയിക്കുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഹോസ്റ്റലിന്റെ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ ?

<u>സർക്കാർ സ്വീകരിച്ച നടപടി</u>

(ഗവ. റഫ. നമ്പർ 13836/ബി2/2008/പജ.പവ.വിവ.)

പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള അഗളി പ്രീ മെട്രിക് ഗേൾസ് ഹോസ്റ്റലിന് കെട്ടിടനിർമ്മാണത്തിനായി അനുവദിച്ച 44,22,800 രൂപയിൽ 6,20,000 രൂപ നിലവിലുള്ള കെട്ടിടത്തിന് പുതിയ ഹാൾ നിർമ്മിക്കുന്നതിനും 38,02,800 രൂപ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമാണ്. ഇതിൽ നിലവിലുള്ള കെട്ടിടത്തിന് പുതിയ ഹാൾ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ, പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ തുടരുന്നില്ല എന്നും അറിയിക്കുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

അഗളി പ്രീ മെട്രിക് ഗേൾസ് ഹോസ്റ്റലിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി തുടരാത്തത് എന്തുകൊണ്ട് ?

2011-ൽ സമിതി അടിയന്തരമായി ആവശ്യപ്പെട്ട പ്രസ്തുത അധികവിവരം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിനെ തുടർന്ന് 2-2-2012-ൽ സമിതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറിയിൽനിന്നും തെളിവെടുപ്പ് നടത്തുകയും അഗളി ട്രൈബൽ ഗേൾസ് ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി പൂർത്തിയായെങ്കിൽ അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അഗളി ട്രൈബൽ ഗേൾസ് ഹോസ്റ്റലിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി സമിതി നൽകിയ ശിപാർശയിന്മേൽ 14 വർഷം കഴിഞ്ഞിട്ടും ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണികളും നിർമ്മാണപ്രവൃത്തികളും പൂർത്തിയാക്കി സമിതിക്ക് അന്തിമ റിപ്പോർട്ട് ലഭ്യമാക്കാത്തത് അത്യന്തം ദുഃഖകരമാണ്. ആകയാൽ, അഗളി പ്രീ മെട്രിക് ഹോസ്റ്റലിന്റെ പുതിയ കെട്ടിടത്തിന്റെ പണി തുടരുന്നില്ലായെങ്കിൽ ആയതിന്റെ കാരണവും ഹോസ്റ്റലിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**വി. പി. സജീന്ദ്രൻ,**
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.